(ബി) എങ്കിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ലഭ്യമായ പതിനാലര ഏക്കർ ഭൂമി പ്രസ്തുത ആവശ്യത്തിലേക്ക് വിനിയോഗിച്ച് അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയാണെന്നതാണ് സർക്കാർ വിഭാവന ചെയ്യുന്നത്. അതിനാവശ്യമായ ഭൂമിയും മറ്റ് അനുബന്ധ സൗകര്യങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനുമാണ് ലക്ഷ്യമിടുന്നത്. കൊല്ലം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ഇ.എസ്.ഐ. കോർപ്പറേഷനുകീഴിൽ ഒരു മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേക്ക് പ്രത്യേകം പ്രവേശന പരീക്ഷ

114 (821) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേക്ക് പ്രത്യേകം പ്രവേശന പരീക്ഷ നടത്താൻ സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ജസ്റ്റീസ് ജയിംസ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ തന്നെയാണോ പരീക്ഷ നടത്തിയത് ; പരീക്ഷാ ചോദ്യപേപ്പർ തയാറാക്കിയത് ആരായിരുന്നു ; പരീക്ഷയിൽ എത്രപേർ പങ്കെടുത്തു ; ഫലം പ്രസിദ്ധീകരിച്ചത് എന്നായിരുന്നു ; കൗൺസിലിംഗിന് എത്ര വിദ്യാർത്ഥികൾ പങ്കെടുത്തു ;

(സി) മാനേജ്മെന്റ് ക്വാട്ടയിലെ സീറ്റുകൾ മൊത്തം എത്രയായിരുന്നു ; സുപ്രീംകോടതി തീരുമാനിച്ച തീയതിക്കുള്ളിൽ തന്നെ പ്രവേശന നടപടികൾ പൂർത്തിയാവുകയുണ്ടായോ ; എത്രപേർക്ക് പ്രവേശനം നൽകുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ. പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കിയത് ജസ്റ്റിസ് ജയിംസ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നിയോഗിച്ച വ്യക്തിയാണ്. പരീക്ഷയിൽ 730 പേർ പങ്കെടുത്തു; ഫലം 27-9-2014-ൽ പ്രസിദ്ധീകരിച്ചു; ഓപ്ഷൻ നൽകിയത് അനുസരിച്ച് അതാത് ദന്തൽ കോളേജുകളിലാണ് കൗൺസിലിംഗ് നടത്തിയത്.

(സി) 420. സുപ്രീം കോടതി തീരുമാനച്ച തീയതിക്കുള്ളിൽ തന്നെ നടപടി പൂർത്തിയാക്കിയിരുന്നു. 359 റാങ്ക് വരെ നേടിയ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു.

സ്വാശ്രയ മെഡിക്കൽ-ഡെന്റൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ

115 (822) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ - ഡന്റൽ കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനപരീക്ഷ സംബന്ധിച്ച് മാനേജ്മെന്റുകൾ സുപ്രീംകോടതിയിൽ നൽകിയ കേസിന്റെ പരിഗണനാവേളയിൽ സംസ്ഥാനത്തിനുവേണ്ടി ആരും ഹാജരാകാതിരുന്നത് സംബന്ധിച്ച സുപ്രീംകോടതിയുടെ പരാമർശം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനിടയായ സാഹചര്യം വിശദമാക്കാമോ ;

(സി) പ്രസ്തുത കേസിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly